ലാന്റ് ബാങ്ക് സ്കീം

76 [1973] ശ്രീ. എം. വി. ജയരാജൻ:
„ ടി. കെ. ദേവകുമാർ:
„ കെ. രാധാകൃഷ്ണൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സംരംഭകർക്ക് എക്കോ ടൂറിസം/അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനായി സ്ഥലം കൈമാറുന്നതിന് വിനോദസഞ്ചാര വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ലാന്റ് ബാങ്ക് സ്കീം എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതിക്ക് ഏതെല്ലാം പ്രദേശങ്ങളിലെ ഏതെല്ലാം സ്ഥലങ്ങളാണ് സ്വകാര്യ സംരംഭകർക്ക് കൈമാറാൻ ഉദ്ദേശിക്കുന്നത് ;

(സി) സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്കീം പ്രകാരം കണ്ടെത്തുന്ന സ്ഥലങ്ങൾ ഏതെല്ലാം നിലയിൽ വികസിപ്പിച്ചതിനുശേഷമാണ് സ്വകാര്യ സംരംഭകർക്ക് നൽകാനായി ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സ്വകാര്യ മേഖലയിൽ വേളിയിൽ അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കുന്നതിനായി സ്ഥലം പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കീമിലേക്ക് ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി) ടൂറിസം സെക്ടറിൽ സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പ്രസ്തുത സ്കീം പ്രകാരം കണ്ടെത്തുന്ന സ്ഥലങ്ങൾ സ്വകാര്യ സംരംഭകർക്ക് കൈമാറുന്നതിനു മുൻപ് വികസിപ്പിക്കാൻ ഉദ്ദേശമില്ല.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

77 [1974] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തുന്ന വിനോദ സഞ്ചാരികൾ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ടൂറിസം പ്രമോഷൻ കൗൺസിലുകൾ സമർപ്പിക്കുന്ന എല്ലാ പ്രോജക്ടുകൾക്കും അംഗീകാരം നൽകുന്നുണ്ട്. കൂടാതെ വകുപ്പ് നേരിട്ടും പ്രധാന കേന്ദ്രങ്ങളിൽ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കെ. എസ്. ആർ. ടി. സി.യുമായി ചേർന്ന് കൊട്ടാരക്കര, ചങ്ങനാശ്ശേരി, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ഉയർന്ന നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്. കൊല്ലത്തും അടൂരും ഇവയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. കോവളത്ത് മൊബൈൽ ടോയ്‌ലറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ. എസ്. ആർ. റ്റി. സി.യോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ഉയർന്ന നിലവാരമുള്ള ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് വകുപ്പ് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

മാതൃകാ റോഡുകളായി വികസിപ്പിക്കാൻ നടപടി

78 [1975] ശ്രീ. കെ. മോഹനൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മുൻസിപ്പൽ/കോർപ്പറേഷനുകളിൽ ടൂറിസ്റ്റ് പ്രാധാന്യമുള്ള ഏതാനും റോഡുകൾ മാതൃകാ റോഡുകളായി പ്രഖ്യാപിച്ച് വികസിപ്പിക്കാൻ ടൂറിസം വകുപ്പ് ഭരണാനുമതി നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ;

(സി) കേശവദാസപുരം-പി. എം. ജി. റോഡിന്റെ സൗന്ദര്യവത്ക്കരണത്തിനും വികസനത്തിനും ആയി എത്ര തുകയാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പാതയുടെ സൗന്ദര്യവൽക്കരണം വൈകിക്കാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) 1. തിരുവനന്തപുരത്ത് കേശവദാസപുരം-പി. എം. ജി. റോഡ്
2. എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷൻ മുതൽ സെന്റ് തെരേസാസ് കോളേജ് വരെയുള്ള റോഡ്
3. തൃശ്ശൂരിൽ പുഴയ്ക്കൽ റോഡ്
4. കോഴിക്കോട് ബീച്ച് റോഡ്

(സി) 5 കോടി രൂപ.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly